# വിജയജാലകം

## എൽ എസ് എസ് മാതൃകപരീക്ഷ 2023

### പേപ്പർ I (പാർട്ട് എ)

## മലയാളം

രജിസ്റ്റർ നമ്പർ

| | | | | | | |
|---|---|---|---|---|---|---|
| അക്കത്തിൽ : | | | | | | |
| അക്ഷരത്തിൽ : | | | | | | |

സമയം 1 $\frac{1}{2}$ മണിക്കൂർ

സെറ്റ് 2

ആകെ സ്കോർ: 20

- 1 മുതൽ 12 വരെയുള്ള ചോദ്യങ്ങളാണ് മലയാളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനു നേരേയും സ്കോർ രേഖപ്പെടുത്തിയുട്ടുണ്ട്.
- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.

1. നെല്ലും വിത്തും മറ്റും സൂക്ഷിച്ച് വെക്കുന്നതിന് പഴയ കർഷകകുടുംബങ്ങളിലുണ്ടായിരുന്ന വസ്തു ഏത്? (1 സ്കോർ)

2. ഊണുകഴിഞ്ഞാൽ നാലു പേർ എന്നെ ചുമക്കണം എന്ന് വരരുചി പറഞ്ഞല്ലോ. ഈ നാലു പേർ ആരാണ്? (1 സ്കോർ)

3. അക്ബർ ചക്രവർത്തിയുടെ രാജസദസ്സിലെ 9 മന്ത്രിമാർ അറിയപ്പെട്ടിരുന്നത് ഏത് പേരിലായിരുന്നു? (1 സ്കോർ)

4. 'ശ്യാമളാംഗിയായെൻ' പിരിച്ചെഴുതിയാൽ (1 സ്കോർ)

5. 'ചുടുചായ കുടിച്ചീടിൽ കോപച്ചൂടാറു മൊട്ടുടൻ'
ആരുടെ വരികൾ? (1 സ്കോർ)

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തന്നിട്ടുള്ളവയിൽ നിന്നും തെരഞ്ഞെടുത്ത് എഴുതുക. ഓരോന്നിനും ഓരോ സ്കോർ വീതം.**

6. താഴെ തന്നിട്ടുള്ളവയിൽ ശരിയായ ജോഡി ഏത് ? (1 സ്കോർ)

എ) കൈതവം - കറുപ്പ് ബി) മനം - മാനം

സി) പീഢ - ഇരിപ്പിടം ഡി) അമ്മ - തായ

7. അച്ഛൻ മുള്ളൻ, അമ്മ മിനു മിനു, മോള് മണി മണി. കടങ്കഥയുടെ ഉത്തരം ?

എ) മാങ്ങ ബി) പഴം സി) ചക്ക ഡി) നാരങ്ങ (1 സ്കോർ)

8. താഴെ തന്നിരിക്കുന്നവയിൽ ശ്രീ നാരായണ ഗുരുവിന്റെതല്ലാത്ത വചനം ഏത് ?

എ) ഒരു പീഡയെറുമ്പിനും വരുത്തരുത്.

ബി) ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്

സി) സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ

ഡി) അവനവനാത്മ സുഖത്തിനാചരിക്കുന്നവ അപരന് സുഖത്തിനായ് വരേണം

(1 സ്കോർ)

9. താഴെ കൊടുത്തിട്ടുള്ളവയിൽ ശരിയായ പദം ഏത്? (1 സ്കോർ)

എ) ആദിധേയൻ ബി) മുഘരിതം സി) നിരവതി ഡി) പാണ്ഡിത്യം

10. കണ്ണന്റെ മുഖം എന്നർത്ഥം വരുന്ന പദം ഏതാണ്? (1 സ്കോർ)

എ) കണ്ണന്താനന്നേരം ബി) കണ്ണാന്താന്നാനനം

സി) കണ്ണാന്താന്നാനനം ഡി) കണ്ണന്തന്നാനനം

11. കവിത വായിച്ച് താഴെ നൽകിയ ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (5 സ്കോർ)

## എന്റെ വിദ്യാലയം

തിങ്കളും താരങ്ങളും
തൂവെള്ളിക്കതിർ ചിന്നും
തുംഗമാം വാനിൻ ചോട്ടി-
ലാണെന്റെ വിദ്യാലയം!
ഇന്നലെക്കണ്ണീർ വാർത്തു
കരഞ്ഞീടിന വാന-
മിന്നതാ, ചിരിക്കുന്നൂ,
പാലൊളി ചിതറുന്നു;
'മുൾച്ചെടിത്തലപ്പിലും
പുഞ്ചിരി വിരിയാറു-'
ണ്ടച്ചെറു പൂന്തോപ്പിലെ-
പ്പനിനീരുരയ്ക്കുന്നു;
മധുവിൻ മത്താൽപ്പാറി
മൂളുന്നൂ മധുപങ്ങൾ;
'മധുരമിജ്ജീവിതം,
ചെറുതാണെന്നാകിലും'
ആരല്ലെൻ ഗുരുനാഥ
രാരല്ലെൻ ഗുരുനാഥർ?
പാരിതിലെല്ലാമെന്നെ-
പ്പഠിപ്പിക്കുന്നുണ്ടേന്തോ!

(വീണ) -ഒളപ്പമണ്ണ

എ) ചന്ദ്രൻ എന്നർത്ഥം വരുന്ന പദം കണ്ടെത്തുക. (1 സ്കോർ)

ബി) ആകാശത്തിന്റെ കണ്ണുനീർ എന്താണെന്നാണ് കവി ഉദ്ദേശിക്കുന്നത്? (1 സ്കോർ)

സി) കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. (3 സ്കോർ)

12. ചക്കയും മാങ്ങയുമില്ലാത്ത ആറുമാസം കൂട്ടാൻ വയ്ക്കാൻ കാശുകൊടുത്തുവാങ്ങുന്ന പതിവ് പണ്ട് കേരളത്തിൽ പണക്കാർക്ക് പോലുമില്ല. വെള്ളരിക്ക, മത്തങ്ങ, കുമ്പളങ്ങ, പടവലങ്ങ, കയ്പക്ക, മുതിര, പയറ്, എന്നിവയെല്ലാം അതാതു കാലങ്ങളിൽ കൃഷി ചെയ്തുണ്ടാക്കും. എല്ലാ തൊടിയിലും വാഴയുണ്ടായിരിക്കും. മുറ്റത്ത് അമരപ്പന്തൽ ഉണ്ടായിരിക്കും, തുവരച്ചെടിയുണ്ടായിരിക്കും, ചീരയുണ്ടായിരിക്കും, തൊടിയിൽ ചേനയും ചേമ്പുമുണ്ടായിരിക്കും, ഇഞ്ചിയും പച്ചമുളകും കറിവേപ്പുമുണ്ടായിരിക്കും, മുരിങ്ങ ഇലയായും പൂവായും കായായും കറിവെക്കാം. ചക്കക്കുരുവും, മാങ്ങയും, മുരിങ്ങക്കായയും നാളികേരവും അരച്ചു വെച്ചാൽ അതുപോലൊരു കൂട്ടാൻ ഭൂമി മലയാളത്തിലില്ലെന്നാണ് പറയാറ്. മാമ്പഴക്കൂട്ടാൻ കയിലു കണക്കിലല്ല മരിച കണക്കിലാണ് അതിഷ്ടമുള്ളവർ കൂട്ടുക.

എ) മുരിങ്ങയുടെ പ്രത്യേകത എന്ത്? (1 സ്കോർ)

ബി) മാമ്പഴക്കൂട്ടാനെ കുറിച്ചുള്ള ചൊല്ല് എന്താണ്? (1 സ്കോർ)

സി) പഴയകാലത്ത് കേരളീയർ പച്ചക്കറികൾ കാശു കൊടുത്തു വാങ്ങിയിരുന്നില്ല എന്നതിന് എന്തൊക്കെ തെളിവുകളാണ് ഉള്ളത്? തന്നിട്ടുള്ള കുറിപ്പ് വായിച്ച് ഉത്തരം തയ്യാറാക്കുക (3 സ്കോർ)

# വിജയജാലകം

## എൽ എസ് എസ് മാതൃകപരീക്ഷ 2023

PAPER I (PART B)

# ENGLISH

SET 2 Total Score: 10

- Questions 13 and 14 are included in the English Section.
- The score of each question is given against it.
- Writre the answers to the questions in the space provided.
- Answer all the questions.

*13.* ***(a) Select the word from the bracket which means beautiful.*** (1)

(happy, empty, sweety, pretty)

***(b) Choose the correctly spelt word from the bracket.*** (1)

(Marcket, Coluor, Climbe, Console)

***(c) Pingala became the king of Gandhara. One day he met his friend. Write a conversation between Pingala and his friend.***

14. ***a) Make a meaningful word from the given letters.*** (1)

| | | | | | | | |
|---|---|---|---|---|---|---|---|
| e | g | a | u | g | n | l | a |

***b) Choose the correct word from the bracket and fill in the blanks.*** (1)

There is a beautiful garden........................... his home

( on, in, under, at )

***c) Aunt Arundhati gave all the boats she made to Anna and sent her to play with the boy. What may be the thoughts of Arundhati then?*** (3)

# വിജയജാലകം

## എൽ എസ് എസ് മാതൃകപരീക്ഷ 2023

### പേപ്പർ I (പാർട്ട് സി)

## പൊതുവിജ്ഞാനം

സെറ്റ് 2 ആകെ സ്കോർ: 10

- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്. ഓരോ ചോദ്യത്തിന് നേരേയും സ്കോർ രേഖപ്പെടുത്തിയുട്ടുണ്ട്.
- 15 മുതൽ 24 വരെയുള്ള ചോദ്യങ്ങളാണ് പെതുവിജ്ഞാനത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.

15. ബേപ്പൂരിൽ സ്ഥാപിതമാകുന്ന വൈക്കം മുഹമ്മദ് ബഷീർ സ്മാരകം അറിയപ്പെടുന്നത് ഏത് പേരിൽ? (1)

16. എത്രാമത്തെ കേരള സംസ്ഥാന പിറവി ദിനമാണ് 2022 ൽ ആഘോഷിച്ചത്? (1)

17. 2023 ജനുവരിയിൽ ഇന്ത്യൻ ലൈബ്രറി കോൺഗ്രസിന് വേദിയായ കേരളത്തിലെ നഗരമേത്? (1)

18. കേരളത്തിലെ ഏറ്റവും മികച്ച കായിക താരത്തിന് നൽകുന്ന പുരസ്കാരമേത്? (1)

19. മലയാളമിഷൻ ഡയറക്ടർ ആരാണ്? (1)

20. കേരളത്തിലെ വനിതാ കമ്മീഷൻ അധ്യക്ഷ ആരാണ്? (1)

എ) ശൈലജ ടീച്ചർ ബി) വീണാ ജോർജ്ജ്

സി) പി. സതീദേവി ഡി) ശ്രീമതി ടീച്ചർ

21. കടൽതീരമില്ലാത്ത കോർപറേഷൻ നഗരമേത്? (1)

എ) കൊല്ലം ബി) തൃശ്ശൂർ സി) കോഴിക്കോട് ഡി) കണ്ണൂർ

22. 2022 ഡിസംബർ 29 ന് അന്തരിച്ച പെലെ ഏത് കായികയിനവുമായി ബന്ധപ്പെട്ടിരിക്കുന്നു? (1)

എ) ഹോക്കി ബി) ക്രിക്കറ്റ് സി) ഫുട്ബോൾ ഡി) ടെന്നീസ്

23. ലഹരിക്കെതിരെ കേരളം ആരംഭിച്ച **SAY NO TO DRUGS** ക്യാമ്പയിന്റെ ബ്രാന്റ് അംബാസിഡർ ആര്? (1)

എ) മമ്മൂട്ടി ബി) മഞ്ജുവാര്യർ

സി) സൗരവ് ഗാംഗുലി ഡി) പിണറായി വിജയൻ

24. സർവ്വ ദേശീയ വനിതാദിനം എന്നാണ്? (1)

എ) മാർച്ച് 18 ബി) മാർച്ച് 08 സി) മാർച്ച് 28 ഡി) ഏപ്രിൽ 18

# വിജയജാലകം

## എൽ എസ് എസ് മാതൃക പരീക്ഷ 2023

### പേപ്പർ II പാർട്ട് എ

## പരിസരപഠനം

രജിസ്റ്റർ നമ്പർ

| | | | | | | |
|---|---|---|---|---|---|---|
| അക്കത്തിൽ : | | | | | | |
| അക്ഷരത്തിൽ : | | | | | | |

സമയം 1 $\frac{1}{2}$ മണിക്കൂർ

സെറ്റ് 2

ആകെ സ്കോർ: 20

- 1 മുതൽ 12 വരെയുള്ള ചോദ്യങ്ങളാണ് പരിസരപഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനു നേരേയും സ്കോർ രേഖപ്പെടുത്തിയുട്ടുണ്ട്.
- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.

1. എ) മനു തന്റെ ചുറ്റുപാടും നിരീക്ഷിച്ച് കണ്ടെത്തിയ സസ്യങ്ങളുടെ പേര് ലിസ്റ്റ് ചെയ്തിട്ടുണ്ട്. അവയിൽ വിട്ടു പോയവ എഴുതിച്ചേർത്ത് പട്ടിക പൂർത്തിയാക്കുക.(2)

| ക്രമ നമ്പർ | സസ്യങ്ങൾ | വേരുപടലം | സിരാവിന്യാസം | ബീജപത്ര ഇനം |
|---|---|---|---|---|
| | മാവ് | തായ് വേരുപടലം | a................................ | ദ്വിബീജ പത്രം |
| | കമുക് | b................................ | b................................ | ഏകബീജ പത്രം |
| | പുളി | c................................ | c................................ | ദ്വിബീജ പത്രം |
| | നെല്ല് | നാരുവേരു പടലം | d................................ | ഏകബീജ പത്രം |

ബി) മുകളിൽ കൊടുത്ത പട്ടിക വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക (3)

2. എ) പക്ഷികളുടെ വംശനാശത്തിന് മനുഷ്യന്റെ ഇടപെടലുകൾ കാരണമാകുന്നുണ്ടോ? എന്തെല്ലാം? കണ്ടെത്തലുകൾ എഴുതുക. (3)

ബി)നമ്മുടെ ജൈവവൈവിധ്യം നിലനിർത്തുന്നതിൽ പക്ഷികൾ ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാം? കുറിപ്പ് തയ്യാറാക്കുക. (2)

3. ചാക്യാർകൂത്തിന് മുമ്പ് കൊട്ടുന്ന ഉപകരണം ഏത് ? (1)

4. വസ്ത്രത്തിൽ തീ പിടിച്ചാൽ ഓടാൻ അനുവദിക്കരുത് എന്ന് പറയുന്നത് എന്തു കൊണ്ട്? (1)

5. കഥക് ഏത് സംസ്ഥാനത്ത് പ്രചാരത്തിലുള്ള നൃത്തരൂപമാണ് ? (1)

6. ഭൂമിയോട് ഏറ്റവും അടുത്ത നക്ഷത്രം? (1)

7. ആരെയും അറസ്റ്റ് ചെയ്ത് വിചാരണകൂടാതെ എത്രകാലം വേണമെങ്കിലും തടവിൽ വെയ്ക്കാൻ ബ്രിട്ടീഷുകാർ കൊണ്ടുവന്ന നിയമം ഏതാണ്? (1)

**8 മുതൽ 12 വരെയുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തന്നിട്ടുള്ളവയിൽ നിന്നും തെരഞ്ഞെടുത്ത് എഴുതുക. ഓരോന്നിനും ഓരോ സ്കോർ വീതം.**

8. ഒ.ആർ.എസ് ലായനി ഏത് അസുഖവുമായി ബന്ധപ്പെട്ടിരിക്കുന്നു ? (1)

എ) അഞ്ചാംപനി ബി) വില്ലൻചുമ

സി) ടൈഫോയിഡ് ഡി) വയറിളക്കം

9. ഒരു ബക്കറ്റിലെ വെള്ളത്തിൽ ഒരു വലിയ കല്ലിട്ടപ്പോൾ വെള്ളം കവിഞ്ഞൊഴുകി എന്താണ് കാരണം ? (1)

എ) വെള്ളത്തിന് ഭാരമുള്ളത് കൊണ്ട്

ബി) കല്ലിന് ഭാരമുള്ളത് കൊണ്ട്

സി) കല്ലിന് സ്ഥിതിചെയ്യാൻ സ്ഥലം ആവിശ്യമായത് കൊണ്ട്

ഡി) കല്ലിന് വലുപ്പമുള്ളത് കൊണ്ട്

10. ശരിയല്ലാത്ത ജോഡി ഏത്? (1)

എ) ഉത്തർപ്രദേശ്-കുച്ചുപ്പുഡി ബി) കേരളം-മോഹിനിയാട്ടം

സി) തമിഴ്നാട്-ഭരതനാട്യം ഡി) കർണാടകം-യക്ഷഗാനം

11. ഭൂമിയുടെ ക്രയവിക്രയങ്ങൾ രജിസ്റ്റർ ചെയ്യൽ, വ്യക്തികൾ തമ്മിലും വ്യക്തികളും സ്ഥാപനങ്ങളും തമ്മിലുള്ള ഉടമ്പടികൾ രജിസ്റ്റർ ചെയ്യൽ എന്നിവ നടത്തുന്ന സ്ഥാപനം? (1)

എ) സബ്ട്രഷറി ബി) കൃഷിഭവൻ

സി) വില്ലേജ് ഓഫീസ് ഡി) സബ്രജിസ്ട്രാർ ഓഫീസ്

12. കേരളത്തിൽ റെയിൽ പാതകൾ ഇല്ലാത്ത രണ്ട് ജില്ലകൾ ? (1)

എ) കാസർഗോഡും വയനാടും ബി) വയനാടും കണ്ണൂരും

സി) ഇടുക്കിയും പത്തനംതിട്ടയും ഡി) ഇടുക്കിയും വയനാടും

# വിജയജാലകം
## എൽ എസ് എസ് മാതൃകപരീക്ഷ 2023
### പേപ്പർ II (പാർട്ട് ബി)
## ഗണിതം

സെറ്റ് 2 ആകെ സ്കോർ: 20

- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്. ഓരോ ചോദ്യത്തിനു നേരേയും സ്കോർ രേഖപ്പെടുത്തിയുട്ടുണ്ട്.
- 13 മുതൽ 24 വരെയുള്ള ചോദ്യങ്ങളാണ് ഗണിതത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.

13. ചിത്രം പരിശോധിക്കുക.
വലിയ സമചതുരത്തിന്റെ വശത്തിന്റെ നീളം 8 സെന്റീമീറ്ററാണ്.



എ) ചിത്രത്തിലെ ഏറ്റവും വലിയ ചതുരത്തിന്റെ ചുറ്റളവ് എത്ര? (1)

ബി) ചിത്രത്തിൽ എത്ര സമചതുരങ്ങളുണ്ട്? (2)

സി) ചിത്രത്തിൽ എത്ര ത്രികോണങ്ങളുണ്ട്? (2)

14. 560 കുട്ടികൾ ഉച്ചഭക്ഷണം കഴിക്കുന്ന കുറ്റിപ്പുറം സ്കൂളിൽ ഓണം സ്പെഷ്യൽ അരി ഒരു കുട്ടിക്ക് 5 കിലോ വീതം വിതരണത്തിന് അനുവദിച്ചു. ഒരു ചാക്കിൽ 50 കിലോ അരിയാണുള്ളത്. ആദ്യ ദിവസം 1350 കിലോ അരിയും രണ്ടാം ദിവസം 525 കിലോ അരിയും നൽകി. ബാക്കി എല്ലാവർക്കും മൂന്നാം ദിവസം അരി നൽകി.

എ) സ്കൂളിൽ ആകെ എത്ര ക്വിന്റൽ അരി കൊണ്ടുവന്നു? (1)

ബി) ഒന്നാം ദിവസം എത്ര കുട്ടികൾക്ക് അരി നൽകി? (1)

സി) മൂന്നാം ദിവസം എത്ര കിലോ അരി ഉണ്ടായിരുന്നു? അത് എത്ര കുട്ടികൾക്ക് നൽകി? (3)

15. 


ഒരു കലണ്ടറിന്റെ ഭാഗമാണിത്. 4 കളങ്ങളിലെയും തീയതികളുടെ തുക എത്രയായിരിക്കും? (1)

16. പാറ്റേൺ പൂരിപ്പിക്കുക (1)

36, 49, 64, ....................................

17. രാജിയുടെ വീടിന്റെ കാൽഭാഗം പെയിന്റ് ചെയ്യാൻ 3095 രൂപ ചെലവായി. എങ്കിൽ വീട് പൂർണ്ണമായും പെയിന്റ് ചെയ്യാൻ എത്ര രൂപ ചെലവ് വരും? (1)

18. 235 മിനുട്ടും 300 സെക്കന്റും ചേർന്നാൽ എത്ര മണിക്കൂറാണ്? (1)

19. രണ്ടര കിലോ തക്കാളിയുടെ വില 50 രൂപയാണ്. എങ്കിൽ അഞ്ചര കിലോ തക്കാളിയുടെ വിലയെത്ര? (1)

20. ഒരു സംഖ്യയെ 9 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം 7 കിട്ടുന്നു. എന്നാൽ ആ സംഖ്യയെ 3 കൊണ്ട് ഹരിച്ചാൽ ശിഷ്ടം എത്ര കിട്ടും? (1)

എ) 1 ബി) 2 സി) 3 ഡി) 4

21. വിട്ടഭാഗം പൂരിപ്പിക്കുക (1)




22. 7636 എന്ന സംഖ്യയിൽ 6 ന്റെ വിലകൾ തമ്മിലുള്ള വ്യത്യാസമെത്ര? (1)

23. ഗണിതശാസ്ത്ര പ്രതിഭാനിർണ്ണയ പരീക്ഷ പഞ്ചായത്തിലെ ഒരു കേന്ദ്രത്തിൽ വെച്ച് നടക്കുകയാണ്. 200 കുട്ടികളാണ് പരീക്ഷ എഴുതുന്നത്. 10300 ആണ് ആദ്യ കുട്ടിയുടെ ഹാൾടിക്കറ്റ് നമ്പർ. ക്രമമായി ഹാൾടിക്കറ്റ് നമ്പർ നൽകുകയാണെങ്കിൽ അവസാന കുട്ടിയുടെ ഹാൾടിക്കറ്റ് നമ്പർ എത്രയാണ്? (1)

24. ഒരു ദിവസം ക്ലോക്കിൽ മണിക്കൂർ സൂചിയുടെ മുകളിലൂടെ മിനുട്ട് സൂചി എത്ര തവണ കടന്നുപോകുന്നുണ്ട്? (1)

# വിജയജാലകം
## എൽ എസ് എസ് മാതൃകപരീക്ഷ 2023
### പേപ്പർ 1 പാർട്ട് എ
### സെറ്റ് 2
## ഉത്തരസൂചിക

---

### മലയാളം

1. പത്തായം 2. കട്ടിൽ 3. നവരത്നങ്ങൾ 4. ശ്യാമള + അംഗി + ആയ + എൻ 5. കുഞ്ഞുണ്ണി 6. ഡി 7. സി 8. സി 9. ഡി 10. ഡി 11. എ) തിങ്കൾ ബി) മഴ സി) ആസ്വാദനക്കുറിപ്പ് 12. എ) മുരിങ്ങ ഔഷധഗുണമുള്ള മരമാണ്. അതിന്റെ ഇലയും പൂവും കായയും ഭക്ഷണത്തിനായി ഉപയോഗിക്കാം. ബി) മാമ്പഴക്കൂട്ടാൻ കയിലുകണക്കിലല്ല മരിച്ച കണക്കിലാണ് അത് ഇഷ്ടപ്പെടുന്നവർ കൂട്ടുന്നത്. സി) കുറിപ്പ്

### ENGLISH

13. a) Pretty b) Console c) Conversation 14. a) Language b)at c) Thoughts

### പൊതുവിജ്ഞാനം

15. ആകാശ മിഠായി 16. 67 17. കണ്ണൂർ 18. ജി.വി രാജ പുരസ്കാരം 19. മുരുകൻ കാട്ടാകട 20. സി 21. ബി 22. സി 23. സി 24. ബി

### പരിസരപഠനം

1.

| ക്രമ നമ്പർ | സസ്യങ്ങൾ | വേരുപടലം | സിരാവിന്യാസം | ബീജപത്ര ഇനം |
|---|---|---|---|---|
| 1 | മാവ് | തായ് വേരുപടലം | ജാലികാസിരാവിന്യസം | ദ്വിബീജ പത്രം |
| 2 | കമുക് | നാരുവേരുപടലം | സമാന്തരസിരാവിന്യസം | ഏകബീജ പത്രം |
| 3 | പുളി | തായ് വേരുപടലം | ജാലികാസിരാവിന്യസം | ദ്വിബീജ പത്രം |
| 4 | നെല്ല് | നാരുവേരു പടലം | സമാന്തരസിരാവിന്യസം | ഏകബീജ പത്രം |

ബി) മാവ്, പുളി എന്നിവയുടെ വേരുകൾ തായ്‌വേരുകളാണ്.
കമുക്, നെല്ല് എന്നിവയുടെ വേരുകൾ നാരുവേരുകളാണ്.
ജാലികാസിരവിന്യസമുള്ള സസ്യങ്ങളുടെ വേരുപടലം തായ്‌വേരു പടലമായിരിക്കും.
സമാന്തരസിരാവിന്യസമുള്ള സസ്യങ്ങൾക്ക് നാരുവേരുപടലമാണ്.
ജാലികാസിരാ വിന്യസമുള്ള സസ്യങ്ങൾ ദ്വിബീജ പത്രസസ്യങ്ങളാണ്.
സമാന്തര സിരാവിന്യാസമുള്ള സസ്യങ്ങൾ ഏക ബീജ പത്ര സസ്യങ്ങളാണ്.

2. എ) വർധിച്ച കീടനാശിനിപ്രയോഗം, വിനോദത്തിനും ഭക്ഷണത്തിനും വേണ്ടി അമിതമായി പക്ഷികളെ വേട്ടയാടും. വനനശീകരണം, പരിസ്ഥിതി മലിനീകരണം, വിഷാംശം നിറഞ്ഞ ജന്തുമാലിന്യങ്ങൾ ഭക്ഷണമാക്കുന്നു. ഇവയെല്ലാം വംശനാശത്തിന് കാരണം ആകുന്നു.

ബി) വിത്തു വിതരണത്തിന് പക്ഷികൾ സഹായിക്കുന്നു. കീടങ്ങളെ നിയന്ത്രിക്കുന്നു, ആഹാരത്തിനും, വരുമാനഉപാധിയായും, സസ്യവൈവിധ്യം നിലനിർത്താനും പക്ഷികൾ സഹായിക്കുന്നു.

3. മിഴാവ് 4. ഓടുമ്പോൾ തീ ആളി കത്തും 5. ഉത്തർപ്രദേശ് 6. സൂര്യൻ 7. റൗലറ്റ് ആക്റ്റ്

8. ഡി 9. സി 10. എ 11. ഡി 12. ഡി

## ഗണിതം

13. എ) 96 സെ.മീ ബി) 9 സി) 48

14. എ) 2800 കിലോഗ്രാം ബി) 270 സി) 925 കിലോഗ്രാം, 185 കുട്ടികൾക്ക്

15. 56 16. 81 17. 12380 രൂപ 18. 4 മണിക്കൂർ 19. 110 രൂപ

20. എ) 1 21. 17 22. 600 – 6 = 594 23. 10499 24. 24